തിരുവനന്തപുരം
20-11-2015

from

സി. നാരായണൻ,
ജനറൽ സെക്രട്ടറി,
കേരള യൂണിയൻ ഓഫ് വർക്കിങ് ജേർണലിസ്റ്റ്സ്,
കേസരി ബിൽഡിങ്സ്,
പുളിമൂട് ജങ്ഷൻ, തിരുവനന്തപുരം.

to

ശ്രീ. കെ. ശശിധരൻ നായർ,
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ,
കേരളം.

Respected Sir,

വളരെ പ്രധാനപ്പെട്ട ഒരു സംഗതി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ കത്ത് എഴുതുന്നത്. അങ്ങയുടെ സത്വരശ്രദ്ധയും ശക്തമായ നടപടികളും പ്രതീക്ഷിച്ചുകൊണ്ട് വിഷയം അവതരിപ്പിക്കട്ടെ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടന്ന ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനാധിപത്യപരമായ അവകാശം ഓരോ പൗരനും വിനിയോഗിക്കുന്നതിനായി ഇലക്ഷൻ കമ്മീഷൻ സ്വീകരിച്ച നടപടികൾ തീർത്തും മാതൃകാപരമായിരുന്നു. വോട്ടെടുപ്പു ദിവസം പൊതു-സ്വകാര്യ സ്ഥാപനങ്ങളും തൊഴിൽ സ്ഥാപനങ്ങളും അവധി നൽകി ജീവനക്കാർക്കും തൊഴിലാളികൾക്കും വോട്ടു ചെയ്യാൻ സൗകര്യം ഒരുക്കണമെന്ന നിർദ്ദേശം കമ്മീഷൻ നൽകുകയുണ്ടായല്ലോ. ഇത് കാലാകാലങ്ങളായി ഈ നാട്ടിലെ സംഘടിത തൊഴിൽ വിഭാഗങ്ങൾ അനുഭവിച്ചുപോന്ന ജനാധിപത്യപരമായ അവകാശമാണ്. ഇതനുസരിച്ച് കേരളസർക്കാർ അതിന്റെ കീഴിലുള്ള ജീവനക്കാർക്ക് അവധി പ്രഖ്യാപിക്കുകയും സ്വകാര്യമേഖലയിലുള്ള തൊഴിൽസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വോട്ടെടുപ്പു ദിവസം അവധി നൽകണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നതായി മനസ്സിലാക്കുന്നു.

2015 നവംബർ 2,5 തീയതികളിൽ നടന്ന കേരളത്തിലെ വോട്ടെടുപ്പിന് ഇലക്ഷൻ കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് ജീവനക്കാർക്ക് അവധി നൽകാൻ സംസ്ഥാനത്തെ ചില പത്രസ്ഥാപനഉടമകൾ തയ്യാറായില്ല എന്ന കാര്യം അങ്ങയെ അറിയിക്കാനാഗ്രഹിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ പത്രസ്ഥാപനങ്ങളിലൊന്നായ മാതൃഭൂമി, മറ്റൊരു ദിനപത്രമായ സിറാജ് എന്നിവയാണ് പ്രധാനമായും അതാതിടത്തെ ജീവനക്കാർക്ക് അവധി പ്രഖ്യാപിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. പ്രമുഖ പത്രസ്ഥാപനങ്ങളായ മലയാള മനോരമ, മാധ്യമം എന്നിവ പതിവുപോലെ വോട്ടെടുപ്പു ദിവസം അവധിയായി തീരുമാനിക്കുകയും പിറ്റേന്ന് പത്രം പ്രസിദ്ധീകരിക്കേണ്ട ദിവസമായതിനാൽ കമ്പനി അതിന്റെ പബ്ലിഷിങ് ഹോളിഡേകളിലെതു പോലെ ക്രമീകരണങ്ങൾ ചെയ്യുകയുമാണ് ചെയ്തത്.

എന്നാൽ പതിവിനു വിപരീതമായി ആദ്യമായാണ് മാതൃഭൂമി ഇത്തവണ വോട്ടെടുപ്പുദിനം അവധിയായി പ്രഖ്യാപിക്കാതിരുന്നത്. കമ്പനി മാനേജ്മെന്റ് സാധാരണ ചെയ്തിരുന്നത് ഇലക്ഷൻ കമ്മീഷൻ നിർദ്ദേശം പാലിച്ച് അവധി പ്രഖ്യാപിക്കുകയും പത്രം പ്രസിദ്ധീകരിക്കാൻ അത്യാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയുമാണ്. ഇത്തവണ ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം പാലിക്കാൻ മാതൃഭൂമി തയ്യാറായില്ല. പകരം, വോട്ടെടുപ്പു ദിവസം അവധി ചോദിച്ചവർക്ക് കമ്പനിയുടെ നിർദ്ദിഷ്ട അവധി അപേക്ഷാഫോറത്തിൽ എഴുതി വാങ്ങുകയും പ്രസ്തുത അവധി ജീവനക്കാരന്റെ വ്യക്തിപരമായ അവധിയായി കണക്കാക്കാൻ നോക്കുകയുമായിരുന്നു. എന്നാൽ ഏതോ കോണിൽ നിന്നും പരാതി ഉയർന്നതിനെത്തുടർന്ന് പഴയ അപേക്ഷയ്ക്കു പകരം വെള്ളക്കടലാസിൽ പുതുതായി അപേക്ഷ എഴുതി വാങ്ങി റീപ്ലേസ് ചെയ്യുകയാണ് കമ്പനി ഇപ്പോൾ ചെയ്തിരിക്കുന്നത്.

കാസർഗോഡ്, പത്തനംതിട്ട, ഇടുക്കി എന്നിവിടങ്ങളിലൊഴികെ പ്രിന്റിങ് യൂണിറ്റുകളും ആയിരക്കണക്കിന് ജീവനക്കാരുമുള്ള മാതൃഭൂമി കമ്പനിയിൽ ഒട്ടേറെ ജേർണലിസ്റ്റ്, നോൺ ജേർണലിസ്റ്റ് ജീവനക്കാർ അവർക്ക് വോട്ട് ഉള്ള ഇടങ്ങളിൽ നിന്നും ഏറെ ദൂരെയുള്ള ജില്ലകളിലാണ് ജോലി ചെയ്തു വരുന്നത്. അവരിൽ പലർക്കും ഇത്തവണ വോട്ടവകാശം ഉപയോഗിക്കാൻ സാധിച്ചിട്ടില്ല എന്നാണ് അറിയുന്നത്.

ഇതിന് സമാനമാണ് സിറാജ് പത്രത്തിലെ കാര്യവും. ദൂരെ പോയി വോട്ടു ചെയ്യേണ്ട ജീവനക്കാർ കമ്പനി ഓഫീസ് മേധാവികളുമായി ബന്ധപ്പെട്ടപ്പോൾ അവധിയൊന്നും അനുവദിക്കാൻ തീരുമാനിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്.

ജനാധിപത്യബോധം വളർത്താൻ മാതൃകാപരമായി പ്രവർത്തിക്കേണ്ട ബാധ്യതയുള്ള സാമൂഹ്യസ്ഥാപനമാണ് പത്രസ്ഥാപനങ്ങൾ എന്നിരിക്കെ അവർ തന്നെ സ്വയം തെറ്റായ സന്ദേശവാഹകരായി മാറുന്നത് വിചിത്രമാണ്. ഭരണഘടനാപരമായ അധികാരങ്ങളുള്ള തിരഞ്ഞെടുപ്പുകമ്മീഷൻ പോലുള്ള സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ പാലിക്കാത്തത് അതിലേറെ ഗൗരവം അർഹിക്കുന്ന വിഷയമാണ്. പത്രസ്ഥാപനങ്ങൾ ഗവൺമെന്റിന്റെ പൊതു ഖജനാവിലെ ഒട്ടേറെ ആനകൂല്യങ്ങളും കിഴിവുകളും പറ്റിയാണ് പ്രവർത്തിക്കുന്നതെന്നും അതിനാൽ അവർ സർക്കാരിന്റെ പൊതു നിർദ്ദേശങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥമാണെന്നും ബഹുമാനപ്പെട്ട സുപ്രിംകോടതി തന്നെ 2014-ൽ മജീദിയവേജ്ബോർഡ് കേസിൽ തീർപ്പു കൽപ്പിക്കവെ നിരീക്ഷിച്ചിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

ഇലക്ഷൻ ചട്ടങ്ങളിലെ അവ്യക്തമായ ഒരു വ്യവസ്ഥയുടെ (ക്ലോസ് മൂന്ന്) ചുവടുപിടിച്ച്, അതിനെ ദുർവ്യാഖ്യാനിച്ചാണ് പത്രസ്ഥാപനങ്ങൾ തിരഞ്ഞെടുപ്പു കമ്മീഷന്റെയും സർക്കാറിന്റെയും നിർദ്ദേശങ്ങൾ പരസ്യമായി ലംഘിക്കുന്നത് എന്നാണ് അറിയാൻ കഴിയുന്നത്.
പ്രവർത്തിപ്പിച്ചില്ലെങ്കിൽ, തിരിച്ചെടുക്കാനാവാത്ത വിധം നാശനഷ്ടം സംഭവിക്കാനിടയുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവധി നൽകേണ്ടതില്ലെന്ന ഒരു വ്യവസ്ഥയെയാണ് പത്രസ്ഥാപനങ്ങൾ ദുരുപയോഗിക്കുന്നത്. പത്രങ്ങൾ ഒരർഥത്തിലും മേൽപ്പറഞ്ഞ വിഭാഗത്തിലുള്ളവയല്ല. മാത്രമല്ല, അവധി നൽകിയാലും പത്രസ്ഥാപനങ്ങൾ അത്തരം ദിവസങ്ങളിൽ പത്രം ഇറക്കാൻ ക്രമീകരണങ്ങൾ ചെയ്യാറുണ്ട്. സ്ഥലത്ത് ലഭ്യമാകുന്ന ജീവനക്കാരെ(സ്കെൽട്ടൻ സ്റ്റാഫ്) മുൻകൂട്ടി തീരുമാനിച്ച് അവർക്ക് അധികവേതനമോ അധികഅവധിയോ കൊടുത്ത് പത്രം പുറത്തിറക്കുന്നത് പതിവാണ്. എല്ലാ പത്രങ്ങളും എല്ലാ വർഷവും ഓണം തുടങ്ങിയ ആഘോഷദനിങ്ങൾക്കുൾപ്പെടെ ഇതാണ് ചെയ്തു വരുന്നതും.

ഇതെല്ലാം മറച്ചുവെച്ചാണ് പല പത്രസ്ഥാപനങ്ങളും ഇത്തവണ ജീവനക്കാർക്ക് അവകാശമായ വോട്ടെടുപ്പു ദിന അവധി നിഷേധിച്ചിരിക്കുന്നത്. അതിനാൽ ഇക്കാര്യം വിശദമായി അന്വേഷിച്ച് നിയമം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. ഒപ്പം സ്വകാര്യ തൊഴിൽസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ജനാധിപത്യാവകാശം നിഷേധിക്കാൻ നിമിത്തമായിത്തീർന്നിരിക്കുന്ന, തിരഞ്ഞെടുപ്പു കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളിലെ നിർദ്ദിഷ്ട വ്യവസ്ഥ എടുത്തുമാറ്റി പകരം ശക്തമായ വ്യവസ്ഥ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പ് അതീവ ജാഗ്രതയോടെ നടത്താൻ നേതൃത്വം നൽകിയതിന് അങ്ങയെ അഭിനന്ദിക്കുന്നു.

ആദരപൂർവ്വം,

സി. നാരായണൻ